പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 137

14-12-2012 - ലെ മറുപടിയ്ക്ക്

# കാർഷിക പാക്കേജുകളുടെ വിശദാംശങ്ങൾ

**ചോദ്യം**

ശ്രീ. ഇ. പി. ജയരാജൻ
,, വി. ചെന്താമരാക്ഷൻ
,, ബി. ഡി. ദേവസ്സി

(എ) കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പാക്കി വരുന്ന കാർഷിക പാക്കേജുകളുടെ ആകെ അടങ്കൽ തുക എത്രയാണ്; ഇതിൽ നാളിതു വരെ എന്ത് തുക അനുവദിച്ചുവെന്ന് പാക്കേജ് തിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(ബി) ഇതിൽ എന്ത് തുക നാളിതുവരെ ചെലവഴിച്ചുവെന്നറിയിക്കുമോ; ഇത് അനുവദിച്ച തുകയുടെ എത്ര ശതമാനം വരുമെന്നറിയിക്കുമോ;

(സി) പ്രസ്തുത പാക്കേജുകൾ നടപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നതിനുള്ള കാരണങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ഡി) പാക്കേജുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാത്ത

**മറുപടി**

ശ്രീ. കെ.പി.മോഹനൻ
(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)

(എ) & (ബി)

| | അടങ്കൽ തുക | അനുവദിച്ച തുക |
|---|---|---|
| കുട്ടനാട് പാക്കേജ് | 1840 കോടി രൂപ | 231.01 കോടി രൂപ |
| ഇടുക്കി പാക്കേജ് | 764 കോടി രൂപ | 110.19 കോടി രൂപ |

കുട്ടനാട് പാക്കേജിൽ നാളിതു വരെ 136.54 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്. ഇത് അനുവദിച്ച തുകയുടെ 59.1% ആണ്.
ഇടുക്കി പാക്കേജിൻ കീഴിൽ നാളിതുവരെ 79.07 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്. ഇത് അനുവദിച്ച തുകയുടെ 71.75% ആണ്. വിദർഭ പാക്കേജ് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

(സി) ഉണ്ട്, പാക്കേജിനായി പ്രത്യേക ബഡ്ജറ്റ് ശീർഷകമില്ലാത്തതിനാൽ കേന്ദ്ര സർക്കാരിന്റെ തുടർ പദ്ധതികളിൽ ഉൾപ്പെടുത്തി അവയുടെ മാനദണ്ഡങ്ങൾക്കനുസൃതമായി പദ്ധതി തയ്യാറാക്കേണ്ടി വന്നതിനാൽ കാലതാമസം നേരിട്ടു. പ്രാരംഭ ഘട്ടത്തിൽ നേരിട്ട കാലതാമസം സംസ്ഥാന സർക്കാർ പലയാവർത്തി കേന്ദ്ര സർക്കാരുമായി ചർച്ച ചെയ്ത് ഉചിതമായ തുടർ പദ്ധതി കണ്ടെത്തി അവ ഉൾപ്പെടുത്തി പ്രശ്നത്തിന് പരിഹാരം കണ്ടെത്തിയിരുന്നു.

(ഡി) ഉണ്ട്, പാക്കേജുകൾ സമയബന്ധിതമായി ആരംഭിക്കാൻ സാധിക്കാത്തതിന് തുടർ

തിന് കേന്ദ്ര സർക്കാരിന്റെ മാനദണ്ഡങ്ങൾ കാരണമായിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

പദ്ധതികളുടെ മാനദണ്ഡങ്ങൾ ഒരു കാരണമായി കണക്കാക്കാം. അവ പരിഹരിക്കുന്നതിന് പല തലത്തിൽ (ബഹു. മുഖ്യമന്ത്രി, ചീഫ് സെക്രട്ടറി, കാർഷികോൽപാദന കമ്മീഷണർ) വിവിധ നിർവ്വഹണ വകുപ്പുകളുമായി അവലോകന യോഗങ്ങൾ കൂടുകയും, ചർച്ച ചെയ്ത് കേന്ദ്ര സർക്കാരുമായി നിരന്തരമായ കൂടിക്കാഴ്ചകൾ നടത്തിയും പ്രശ്നങ്ങൾ പരിഹരിച്ചിട്ടുണ്ട്. ഉചിതമായ തുടർ പദ്ധതികളും, ഫണ്ടിംഗ് സ്രോതസ്സും കണ്ടെത്തി അവ പരിഹരിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

14-11-12 ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽകൂടിയ കുട്ടനാട് പ്രോസ്പിരിറ്റി കൗൺസിൽ യോഗത്തിൽ കുട്ടനാട് പാക്കേജ് സമയബന്ധിതമായി നടപ്പാക്കാൻ താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്.

പുറംബണ്ട് നിർമ്മാണവുമായി ബന്ധപ്പെട്ട്, പാടശേഖര സമിതികളുമായി ആലോചിച്ച് ആവശ്യമുള്ള ഭാഗങ്ങളിൽ മാത്രം പൈൽ ആന്റ് സ്ലാബ് ഒതുക്കാനും, അപ്രകാരം അടങ്കൽ തുക കുറയ്ക്കാനും, ആവശ്യമായ ഫണ്ട് വകകൊള്ളിക്കുന്നതിനും തീരുമാനം കൈക്കൊണ്ടു. ടി നാല് പ്രവൃത്തികളും കാലതാമസം വിനാ സമയബന്ധിതമായി പൂർത്തീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ചുമതല നൽകുകയും സമയം ക്രമീകരിച്ചുകൊണ്ടുള്ള വിവിധ പ്രവൃത്തികളുടെ മേലുള്ള ഉത്തരവാദിത്വം നൽകി കൗൺസിൽ തീരുമാനം കൈക്കൊണ്ടു.

ഏ.സി. കനാൽ നിർമ്മാണം ഒരു വർഷത്തിനകം പൂർത്തീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്. കനാൽ ഓരത്തെ താമസക്കാരെ ഒഴിപ്പിച്ച് പുനരധിവാസം ഫാസ്റ്റ് ട്രാക്ക്-ൽ ഉൾപ്പെടുത്തി നടപ്പാക്കാനും തീരുമാനിച്ചിട്ടുണ്ട്. ഏ.സി. കനാൽ നിർമ്മാണം (ആദ്യ ഘട്ടം) ടെൻഡർ നടപടി ആരംഭിച്ചിട്ടുണ്ട്. 31-12-12 നകം തണ്ണീർമുക്കം ബണ്ട്, തോട്ടപ്പള്ളി സ്പിൽവേ എന്നീ പദ്ധതികളുടെ ടെൻഡർ ക്ഷണിക്കുന്നതാണ്.

ഇടുക്കി പാക്കേജിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനായി സംസ്ഥാന സർക്കാർ ഇവ കേന്ദ്ര സർക്കാരുമായി പലവട്ടം

കൂടിയാലോചിച്ച് പ്രശ്ന പരിഹാരത്തിനായി പ്രായോഗികമായ തീരുമാനങ്ങൾ കൈക്കൊള്ളുകയും ഇവ പരിഹരിക്കുകയും സമയബന്ധിതമായി പദ്ധതി നടപ്പിലാക്കാൻ ആവശ്യമായ നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുകയും, അവ യഥോചിതമായി നടപ്പിലാക്കാൻ, പല തരത്തിലുള്ള അവലോകന യോഗങ്ങളും, വിലയിരുത്തലും നടത്തി പദ്ധതി നടത്തിപ്പിലുള്ള പ്രശ്നങ്ങൾ പരിഹരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**

<u>അനുബന്ധം</u>

2006 മുതൽ വയനാട്, പാലക്കാട്, കാസർഗോഡ് ജില്ലകളിൽ നടപ്പാക്കി വരുന്ന പ്രധാനമന്ത്രിയുടെ പ്രത്യേക പുനരധിവാസ പാക്കേജിന്റെ (വിദർഭാ പാക്കേജിൽ) കാലാവധി 3 വർഷമായിരുന്നു. പാക്കേജിലെ നോൺ ക്രെഡിറ്റ് ഘടകങ്ങളുടെ കാലയളവ് രണ്ടുവർഷത്തേക്ക് കൂടി പിന്നീട് ദീർഘിപ്പിച്ചതനുസരിച്ച് 2011 സെപ്റ്റംബർ 30 ന് അവസാനിച്ചിട്ടുണ്ട്.

പാക്കേജിന് കീഴിൽ വരുന്ന പങ്കാളിത്ത നീർത്തട വികസനം എന്ന ഘടകത്തിന്റെ ഒരു ഭാഗം (136 പ്രോജക്ടുകൾ) നബാർഡ് മുഖേനയും ഒരു ഭാഗം (IWMP യിൽ ഉൾപ്പെടുത്തിയിട്ടുള്ള 10 പ്രോജക്ടുകൾ) ഗ്രാമവികസന കമ്മീഷണർ മുഖേനയുമാണ് നടപ്പാക്കുന്നത്. നബാർഡ് മുഖേന നടപ്പാക്കുന്നവയുടെ കാലയളവ് അവസാനിക്കുന്നത് 2014 ലാണ്. IWMP യിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രോജക്ടുകളുടെയും കാലയളവ് 2016-17 വരെയുണ്ടെന്ന് ഗ്രാമവികസന കമ്മീഷണറേറ്റിൽ നിന്ന് അറിയാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ, **AIBP യിൽ** ഉൾപ്പെടുത്തി നടപ്പാക്കുന്ന വൻകിട ജലസേചനം, RIDF ൽ ഉൾപ്പെടുത്തി അനുമതി നല്കിയിട്ടുള്ള ചെറുകിട ജലസേചനം, ചെക്ക് ഡാം എന്നീ ഘടകങ്ങൾ മാത്രമേ ഇനിയും പൂർത്തിയാകാനുള്ളൂ.

| ഘടകം | അടങ്കൽ തുക (as per the sanction letter received from Government of India, D.O.No.12015/41/2004-Cr.I dated 10.10.2008) | | |
|---|---|---|---|
| | ആകെ തുക (കോടി) | സബ്സിഡി/ ഗ്രാന്റ് | ലോൺ |
| പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം | 1.50 | 1.50 | - |
| വായ്പാ പുനഃക്രമീകരണം. | 815.53 | - | 815.53 |
| ക്രെഡിറ്റ് ഫ്ലോ | 1945.07 | - | 1945.07 |
| പലിശ എഴുതിത്തള്ളൽ | 360.00 | 360.00 | - |
| ജലസേചനം | | | |
| വൻകിട ജലസേചനം | 35.00 | 7.00 | 28.00 |
| ചെറുകിട ജലസേചനം | 70.03 | | 70.03 |
| | 105.03 | 7.00 | 98.03 |
| അത്യുല്പാദനശേഷിയുള്ള വിത്തിലേക്ക് മാറ്റം | 1.92 | 1.92 | - |
| നീർത്തട വികസനം | | | |
| പങ്കാളിത്ത നീർത്തടവികസന പദ്ധതി | 81.00 | 81.00 | |
| ചെക്ക് ഡാം | 90.00 | - | 90.00 |
| മഴവെള്ളക്കൊയ്ത്ത് | 9.00 | 9.00 | |
| ആകെ | 180.00 | 90.00 | 90.00 |
| കണികാ ജലസേചനം | 19.53 | 19.53 | - |

| | | | |
|---|---|---|---|
| ഹോർട്ടിക്കൾച്ചർ വികസനം | 46.33 | 46.33 | - |
| എക്സ്റ്റൻഷൻ സർവ്വീസസ് | 1.50 | 1.50 | - |
| സബ്സിഡിയറി ഇൻകം ആക്ടിവിറ്റീസ് | 49.43 | 49.43 | - |
| ലൈവ്സ്റ്റോക്ക് സെക്ടർ | | | |
| ഫിഷറീസ് സെക്ടർ | | | |

അനുവദിച്ച തുക

| ഘടകം | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|
| പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം | ഓരോ ജില്ലയിലും 50 ലക്ഷം രൂപ വീതം ആകെ 1.5 കോടി രൂപ | 1.5 കോടി രൂപ |
| വായ്പാ പുനഃക്രമീകരണം. | | |
| ക്രെഡിറ്റ് ഫ്ലോ | | |
| പലിശ എഴുതിത്തള്ളൽ | | |
| ജലസേചനം | | |
| വൻകിട ജലസേചനം | AIBP സ്കീം പ്രകാരം 75% സംസ്ഥാനത്തിന്റെ വിഹിതവും 25% കേന്ദ്രവിഹിതവുമാണ്. കേന്ദ്രവിഹിതത്തിലെ 1364.05 ലക്ഷം രൂപ ഇതിനകം അനുവദിച്ചിട്ടുണ്ട്. | |
| ചെറുകിട ജലസേചനം | RIDF ൽ ഉൾപ്പെടുത്തി NABARD സഹായത്തോടെ (ലോൺ) ചെയ്യുന്ന പദ്ധതികളാണ് ഈ ഘടകത്തിൽ ഉൾപ്പെട്ടിട്ടുള്ളത്. RIDF XIII, XVI, XVII എന്നിവയിൽ ഉൾപ്പെടുത്തി 63.59 കോടി രൂപയുടെ പദ്ധതികൾക്ക് അനുവാദം ലഭിച്ചിട്ടുണ്ട്. | 14.61 കോടി |
| അത്യുല്പാദനശേഷിയുള്ള വിത്തിലേക്ക് മാറ്റം | 1.92 കോടി | 1.9187 കോടി |
| നീർത്തട വികസനം | | |
| പങ്കാളിത്ത നീർത്തടവികസന പദ്ധതി | 136 പ്രോജക്ടുകൾ നബാർഡാണ് നടപ്പാക്കുന്നത്. | 55.29 കോടി |
| | IWMP യിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന 10 പ്രോജക്ടുകൾക്ക് കേന്ദ്രവിഹിതത്തോടൊപ്പം സംസ്ഥാന വിഹിതവുമുണ്ട്. കേന്ദ്ര വിഹിതമായി 14.07 കോടി | 59.9 ലക്ഷം പദ്ധതികൾ പ്രാരംഭദശയിലാണ്. |

| | | |
|---|---|---|
| | രൂപയും സംസ്ഥാനവിഹിതമായി 1.56 കോടി രൂപയും ഇതിനകം ലഭിച്ചിട്ടുണ്ട്. | |
| ചെക്ക് ഡാം | RIDF ൽ ഉൾപ്പെടുത്തി NABARD സഹായത്തോടെ (ലോൺ) ചെയ്യുന്ന പദ്ധതികളാണ് ഈ ഘടകത്തിൽ ഉൾപ്പെട്ടിട്ടുള്ളത്. RIDF XVI ൽ ഉൾപ്പെടുത്തി 64.72 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. | |
| മഴവെള്ളക്കൊയ്ത്ത് | നടപ്പാക്കിയിട്ടില്ല | |
| കണികാ ജലസേചനം | 6.363 കോടി | 4.9004 കോടി |
| ഹോർട്ടിക്കൾച്ചർ വികസനം | പാക്കേജിന് കീഴിൽ പ്രത്യേകം ഫണ്ട് കേന്ദ്രസർക്കാർ അനുവദിച്ചിട്ടില്ല. ദേശീയ ഹോർട്ടിക്കൾച്ചർ മിഷന്റെ നിർദ്ദേശപ്രകാരം മിഷൻ അംഗീകരിച്ച വാർഷിക കർമ്മപദ്ധതിയിൽ നിന്നും തുക ചെലവഴിച്ചിരിക്കുന്നു. | 44.76 കോടി |
| എക്സ്റ്റൻഷൻ സർവ്വീസസ് | 50 ലക്ഷം | 49.99 ലക്ഷം |
| സബ്സിഡിയറി ഇൻകം ആക്ടിവിറ്റീസ് | | |
| ലൈവ്സ്റ്റോക്ക് സെക്ടർ | 44.75 കോടി | 43.50 കോടി |
| ഫിഷറീസ് സെക്ടർ | 3.33 കോടി | 3.33 കോടി |